## നഗരഗ്രാമാസൂത്രണ വകുപ്പ്
## കോഴിക്കോട് ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം

**(ഹാജർ. ഐഷ.പി.എ)**

വിഷയം : തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് -വാർഡ് -8 , റി.സ 575/9-ൽപ്പെട്ട സ്ഥലത്ത് ഷോപ്പ് കം ഡോർമിറ്ററി - ശ്രീ.കുഞ്ഞബ്ദുള്ള , "മീത്തലെ പറമ്പത്ത്", തിരുവള്ളൂർ എന്നവരുടെ അപേക്ഷയിൽ അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

സൂചന:
1) G.O(P) No. 12/2018/LSGD dated 15/02/2018.
2) G.O(Rt) No. 857/2018/LSGD dated. 27/03/2018
3) സെക്രട്ടറിയുടെ 03.07.2019-ലെ ബി1-7638/18 നമ്പർ കത്ത്.
4) അനധികൃത നിർമ്മാണം ക്രമവൽക്കരണത്തിനായുള്ള കമ്മിറ്റിയുടെ 27/09/19 തീയ്യതിയിലെ യോഗ തീരുമാനം

---

**ഉത്തരവ് നമ്പർ: സി1/2427/2019/കെ.ഡിസ് തീയതി: 27/09 /2019**

---

തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്, വാർഡ് -8, റി.സ 575/9-ൽപ്പെട്ട സ്ഥലത്ത് അനധികൃത കെട്ടിട നിർമ്മാണം (ഷോപ്പ് കം ഡോർമിറ്ററി) കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) നിർമ്മാണ ചട്ടം-2018 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് അനുവാദം നൽകി ഇതിനാൽ ഉത്തരവാകുന്നു.

1) നിർമ്മാണം നടത്തിയ പ്ലോട്ടിന്റെ ഉടമസ്ഥാവകാശം, അതിരളവുകൾ, അപേക്ഷകന് നിർമ്മാണം നടത്തുന്നതിനുള്ള അവകാശം എന്നിവ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
2) അംഗപരിമിതർക്കുള്ള റാമ്പ്, ശൗചാലയം, എന്നിവ പ്ലാനിൽ കാണിച്ചതു പ്രകാരം നിർമ്മിച്ചതിനു ശേഷം മാത്രമേ ഒക്യുപെൻസി അനുവദിക്കുവാൻ പാടുള്ളൂ.
3) റൂൾ 30 പ്രകാരം മാലിന്യ നിർമ്മാർജ്ജനത്തിന് പ്രത്യേകം വ്യവസ്ഥ ചെയ്യേണ്ടതണ്.
4) കെട്ടിടത്തിന്റെ മുൻഭാഗത്ത് കാണിച്ച ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള റാമ്പ് എല്ലാ ഷോപ്പുകളിലേക്കും ലഭ്യമാക്കേണ്ടതാണ്.
5) ഈ ഉത്തരവ് പ്രകാരം ക്രമവൽക്കരിക്കപ്പെടുന്ന കെട്ടിടത്തിൽ പിന്നീട് കൂട്ടിച്ചേർത്ത നിർമാണം അനുവദിക്കുവാനോ ക്രമവൽക്കരണം അനുവദിക്കുവാനോ പാടുള്ളതല്ല. ഈ വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്
6) അനധികൃത നിർമാണം ക്രമവൽക്കരിക്കുന്നതിന് 10,745/- രൂപ കോമ്പൗണ്ടിംഗ് ഫീ ഈടാക്കേണ്ടതാണ്. ഇതിൽ പകുതി തുക 0515-other development programme 800-other receipts-92-"compounding fee for regularization of unauthorized construction violating provisions of building rules" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ സർക്കാർ ട്രഷറിയിലും ബാക്കി പകുതി ബന്ധപ്പെട്ട പഞ്ചായത്തിലും അടവാക്കേണ്ടതാണ്.

അപേക്ഷയോടൊപ്പം ലഭിച്ച സൈറ്റ് പ്ലാനിന്റെ കോപ്പി TP/RA/30/2019 എന്ന നമ്പറായി ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

ഐഷ പി.എ
നഗരാസൂത്രക

നഗര-ഗ്രാമാസൂത്രണ കാര്യാലയം, കോഴിക്കോട്-673005
തീയതി........

പകർപ്പ്:
1) തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് (1 സെറ്റ് അംഗീകരിച്ച പ്ലാൻ സഹിതം)
2) അപേക്ഷകൻ 3) വെബ്സൈറ്റ് 4) ഫയൽ.